KSFE

ദി കേരള സ്റ്റേററ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിററഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

സൂചന നമ്പർ: 1100/റിക്കവറി/2021 തീയതി: 24.06.2021

## സർക്കുലർ നമ്പർ: 59/2021 (റിക്കവറി)

വിഷയം: കോവിഡ്-19 രണ്ടാംതരംഗ വ്യാപനം തടയാനുള്ള ലോക്ക്ഡൗൺ നടപടികളുടെ പശ്ചാത്തലത്തിൽ കെ എസ് എഫ് ഇ പ്രഖ്യാപിക്കുന്ന സമാശ്വാസ നടപടികൾ സംബന്ധിച്ച്.

സൂചന :1) 30.03.2020 ലെ സർക്കുലർ 15/2020 (PLG).
2) 15.07.2020 ലെ RR/1100 നമ്പർ കത്ത് (അനുബന്ധം).
3) 28.07.2020 ലെ ഡയറക്ടർ ബോർഡ് യോഗത്തിലെ 9023-ാം നമ്പർ തീരുമാനം.
4) 13.08.2020 ലെ RR/1100 നമ്പർ കത്ത് (അനുബന്ധം-2).
5) 14.08.2020 ലെ RR/1100 നമ്പർ കത്ത്.
6) 30.09.2020 ലെ RR/1100 നമ്പർ കത്ത് (അനുബന്ധം-3).
7) 05.11.2020 ലെ RR/1100 നമ്പർ കത്ത് (അനുബന്ധം-4).
8) 31.12.2020 ലെ RR/1100 നമ്പർ കത്ത് (അനുബന്ധം-5).
9) 30.04.2021 തീയതിയിലെ സർക്കുലർ 38/2021 (P&HR).

*****************

മേൽ സൂചനകൾ (1 മുതൽ 8 വരെ) പ്രകാരം കോവിഡ്-19 എന്ന മഹാമാരി പിടിപെടുകയും അതിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിക്കപ്പെട്ട ലോക്ഡൗണിന്റെ സാഹചര്യത്തിൽ ചിട്ടി ഇടപാടുകാർക്ക് നിശ്ചിത കാലയളവിൽ ചിട്ടി തവണ തുക അടയ്ക്കുന്നതിൽ മുടക്കം വരുത്തിയവർക്ക് (വിളിച്ച ചിട്ടികൾക്കും വിളിക്കാത്ത ചിട്ടികൾക്കും) തവണ സംഖ്യയിലെ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയിരുന്നു. ചിട്ടി വിളിച്ചെടുത്ത ഇടപാടുകാർക്ക് ഇക്കാലയളവിൽ പിഴപ്പലിശ ഒഴിവാക്കിയതിനു പുറമേ അർഹമായ ഡിവിഡന്റും അനുവദിക്കുകയുണ്ടായി.

അതുപോലെ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സൂചന (1), (6), (7) എന്നിവ പ്രകാരം പിഴപ്പലിശ ബാധകമായ എല്ലാ വായ്പാ പദ്ധതികളുടെയും നിശ്ചിത കാലയളവിലെ വായ്പാ തവണകൾക്ക് പിഴപ്പലിശ ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് നൽകുകയും ചെയ്തിരുന്നു. സൂചനകൾ (4), (5), (6), (7) എന്നിവ പ്രകാരമുള്ള ഉത്തരവിന്റെ കാലാവധി 20.01.2021 വരെയും ദീർഘിപ്പിക്കുകയുമുണ്ടായി.

എന്നാൽ കോവിഡ്-19 മഹാമാരിയുടെ രണ്ടാംതരംഗവ്യാപനം രൂക്ഷമായതുമൂലം കേരളസർക്കാരിന്റെ ഉത്തരവിനനുസൃതമായി സൂചന (9) പ്രകാരം കമ്പനി കെ എസ് എഫ് ഇ യിലെ എല്ലാ ചിട്ടി ലേലങ്ങളും ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ നീട്ടിവച്ചതായി ഉത്തരവ് നൽകിയിരുന്നു. മേൽ സൂചിപ്പിച്ച പ്രത്യേക സാഹചര്യവും അതുമൂലം വരിക്കാർക്കുണ്ടാകുന്ന സാമ്പത്തിക പ്രശ്നങ്ങളും കണക്കിലെടുത്ത് താഴെപ്പറയുന്ന തീരുമാനങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

1) വിളിച്ച ചിട്ടികളിലും വിളിക്കാത്ത ചിട്ടികളിലുമുള്ള വരിക്കാർ 2021 ജനുവരി 20 വരെ കൃത്യമായി അടച്ചിട്ടുള്ളവരാണെങ്കിൽ തുടർന്ന് അടയ്ക്കേണ്ട തവണ സംഖ്യകൾ 2021 ജൂലായ് 31 വരെ പിഴപ്പലിശ ഒഴിവാക്കിയും ഡിവിഡന്റ് അനുവദിച്ചും അടയ്ക്കുവാൻ സമയം നൽകുക.

2) വിളിച്ച ചിട്ടികളിലും വിളിക്കാത്ത ചിട്ടികളിലുമുള്ള വരിക്കാർ 2021 ജനുവരി 20 നോ അതിനു മുൻപോ ചിട്ടി തവണകൾ അടയ്ക്കുന്നതിൽ മുടക്കം വരുത്തിയിട്ടുള്ളവരാണെങ്കിൽ പ്രസ്തുത തീയതി (20.01.2021 വരെ) വരെയുള്ള തവണകൾക്ക് ഡിവിഡന്റ് അനുവദിക്കാതെയും പിഴപ്പലിശ ഈടാക്കിയും തുക അടപ്പിച്ചതിനുശേഷം 2021 ജനുവരി 21 മുതൽ അടയ്ക്കേണ്ട തവണ സംഖ്യകൾ 2021 ജൂലായ് 31 വരെ പിഴപ്പലിശ ഒഴിവാക്കിയും ഡിവിഡന്റ് അനുവദിച്ചും അടയ്ക്കുവാൻ സമയം നൽകുക.

3) അതുപോലെ പിഴപ്പലിശ ബാധകമായ എല്ലാ വായ്പാ പദ്ധതികളിലേയും വായ്പക്കാർ 2021 ജനുവരി 20 വരെ കൃത്യമായി അടച്ചിട്ടുള്ളവരാണെങ്കിൽ എല്ലാ വായ്പാ പദ്ധതികളുടെയും (***പാസ് ബുക്ക് ലോൺ, സ്വർണ്ണപ്പണയ വായ്പ എന്നിവ ഒഴികെ***) 2021 ജനുവരി 21 മുതൽ 2021 ജൂലായ് 31 വരെയുള്ള കാലയളവിലെ വായ്പാ തവണകൾക്ക് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുക.

4) 2021 ജനുവരി 20 നോ അതിനു മുൻപോ EMI വ്യവസ്ഥ പ്രകാരമുള്ള വായ്പാ അക്കൗണ്ടുകളിലെ (RCL/KPL, NHFS/KHL തുടങ്ങിയ അക്കൗണ്ടുകളുടെ കാര്യത്തിൽ) തവണകൾ അടയ്ക്കുന്നതിൽ മുടക്കം വരുത്തിയിട്ടുള്ളവരാണെങ്കിൽ പ്രസ്തുത തീയതി വരെ (20.01.2021 വരെ) കുടിശ്ശികയുള്ള വായ്പാ തവണ സംഖ്യയും പിഴപ്പലിശയും കൂടി ഈടാക്കി തുക അടപ്പിച്ചതിനുശേഷം 2021 ജനുവരി 21 മുതൽ അടയ്ക്കേണ്ട വായ്പാ തവണ സംഖ്യകൾ 2021 ജൂലായ് 31 വരെ പിഴപ്പലിശ മാത്രം ഒഴിവാക്കി അടയ്ക്കുവാൻ സമയം നൽകുക.

5) 2021 ജനുവരി 20 നോ അതിനു മുൻപോ EMI വ്യവസ്ഥകൾ അല്ലാത്ത മറ്റ് വായ്പാ അക്കൗണ്ടുകളിൽ (NCL,CVL തുടങ്ങിയവ) മുടക്കം വരുത്തിയിട്ടുള്ളവരാണെങ്കിൽ പ്രസ്തുത തീയതി വരെ (20.01.2021 വരെ) കുടിശ്ശിക പലിശയും, പിഴപ്പലിശയും ചേർത്ത് ഈടാക്കി തുക അടപ്പിച്ചതിനുശേഷം 2021 ജനുവരി 21 മുതൽ അടയ്ക്കേണ്ട വായ്പാ തവണ സംഖ്യകൾ 2021 ജൂലായ് 31 വരെ പിഴപ്പലിശ മാത്രം ഒഴിവാക്കി അടയ്ക്കുവാൻ സമയം നൽകുക.

6) 2021 ജനുവരി 21 മുതൽ ഇതിനോടകം ഡിവിഡന്റ് നൽകാതെയും പലിശ, പിഴപ്പലിശ എന്നിവ ഈടാക്കിയും തീർപ്പാക്കിയ അക്കൗണ്ടുകൾ പുന: പരിശോധിക്കേണ്ടതില്ല.

**സുബ്രഹ്മണ്യൻ വി.പി.**
**മാനേജിംഗ് ഡയറക്ടർ**

<u>പകർപ്പ്:</u>

1) എല്ലാ ശാഖകൾക്കും
2) എല്ലാ മേഖലാ തലവന്മാർക്കും.
3) എല്ലാ ഓഡിറ്റ് ടീമുകൾക്കും.
4) ഹെഡ്സ് ഓഫീസിലെ എല്ലാ വിഭാഗങ്ങളിലേയും തലവന്മാർക്കും.
5) ലെയ്സൺ ഓഫീസർ, കെ.എസ്.എഫ്.ഇ.,തിരുവനന്തപുരം
6) ബഹു. ചെയർമാന്റെ പി എ.